**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2810** **13-10-2021 - ൽ മറുപടിയ്ക്ക്**

**കാട്ടുപന്നിയെ വെടിവെക്കാൻ കർഷകരെ അനുമതിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി.അൻവർ** | | **Shri. A. K. Saseendran**<br>**(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | കൃഷി നശിപ്പിക്കുന്ന കാട്ടുപന്നികളെ വെടിവെച്ച് കൊല്ലാൻ നിലമ്പൂർ സൗത്ത്, നോർത്ത് ഫോറസ്റ്റ് ഡിവിഷന് കീഴിൽ ലൈസൻസുള്ള തോക്ക് കൈവശമുള്ള കർഷകരുടെ പാനൽ തയ്യാറാക്കിയിട്ടുണ്ടോ; വിവരം നൽകാമോ; | (എ) | പാനൽ തയ്യാറാക്കിയിട്ടുണ്ട്. നിലമ്പൂർ സൗത്ത് ഡിവിഷനു കീഴിൽ 23 പേരും നിലമ്പൂർ നോർത്ത് ഡിവിഷനു കീഴിൽ 13 പേരും ഈ പാനലിൽ ഉൾപ്പെട്ടിട്ടുണ്ട്. |
| (ബി) | കാട്ടുപന്നിയെ വെടിവെക്കാൻ പ്രസ്തുത ഡിവിഷനിൽ വനം വകുപ്പ് അനുമതി നൽകിയ കർഷകരുടെ പേര്, വിലാസം, ബന്ധപ്പെടേണ്ട നമ്പർ എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ; | (ബി) | നിലമ്പൂർ നോർത്ത്, നിലമ്പൂർ സൗത്ത് ഡിവിഷന് കീഴിൽ കാട്ടുപന്നിയെ വെടിവയ്ക്കാൻ അനുമതി ലഭിച്ചവരുടെ വിവരം അനുബന്ധം 1 ആയി ചേർക്കുന്നു. |
| (സി) | 2021 ഒക്ടോബർ 2 വരെ കൃഷി നാശം വരുത്തിയ എത്ര കാട്ടുപന്നികളെ പ്രസ്തുത ഡിവിഷനുകളിൽ വെടിവെച്ച് കൊലപ്പെടുത്തിയെന്ന് റേഞ്ച് ഫോറസ്റ്റ് ആഫീസ് അടിസ്ഥാനത്തിൽ വിശദമാക്കാമോ; | (സി) | പ്രസ്തുത ഡിവിഷനുകളിൽ ആകെ 2021 ഒക്ടോബർ 2 വരെ കൃഷി നാശം വരുത്തിയ 122 കാട്ടുപന്നികളെ വെടിവെച്ച് കൊന്ന് നശിപ്പിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു. |
| (ഡി) | കൃഷിയിടത്തിലിറങ്ങിയ കാട്ടുപന്നിയെ വെടിവെച്ച് കൊല്ലുന്ന കർഷകർക്ക് വനം വകുപ്പ് പാരിതോഷികം നൽകുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | മനുഷ്യജീവനും, സ്വത്തിനും, കൃഷിയ്ക്കും നാശനഷ്ടം വരുത്തുന്ന കാട്ടുപന്നികളെ വനേതര ഭൂമികളിൽ വെടിവച്ചു കൊല്ലുവാൻ ഉദ്യോഗസ്ഥർക്കും കർഷകർക്കും നടപടി സ്വീകരിക്കാവുന്നതാണ്. ആയതിനായി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ എന്നിവർക്ക് അപേക്ഷ സമർപ്പിക്കുന്ന എല്ലാ കർഷകർക്കും അനുമതി ലഭ്യമാക്കുന്നതാണ്. തോക്കുപയോഗിക്കുവാൻ ലൈസൻസ് ഉള്ള വ്യക്തികളെ കാട്ടുപന്നികളെ വെടിവയ്ക്കുന്നതിനായി എം.പാനൽ ചെയ്യുന്നതാണ്. ഇപ്രകാരം എംപാനൽ ചെയ്യപ്പെടുന്ന വ്യക്തിയ്ക്ക് കാട്ടുപന്നിയെ വെടിവച്ചു കൊല്ലുന്ന മുറയ്ക്ക് പന്നി ഒന്നിന് 1000/- രൂപ നിരക്കിൽ പ്രതിഫലം അനുവദിക്കുന്നതാണ്. എംപാനൽ ചെയ്യപ്പെടുന്ന വ്യക്തികളിൽ തോക്കുപയോഗിക്കുവാൻ ലൈസൻസ് ഉള്ള കർഷകരും ഉൾപ്പെടുവരാം. |

സെക്ഷൻ ഓഫീസർ

| ഡിവിഷൻ | റെയിഞ്ച് | കൊന്ന് നശിപ്പിച്ച പന്നികളുടെ എണ്ണം |
|---|---|---|
| നിലമ്പൂർ നോർത്ത് | എടവണ്ണ | 19 |
| | നിലമ്പൂർ | 28 |
| | വഴിക്കടവ് | 13 |
| നിലമ്പൂർ സൗത്ത് | കാളികാവ് | 62 |
| **ആകെ** | | **122** |